ഉത്തരം.

(എ) അങ്ങിനെ ഒരു പ്ലാൻ ആലോചനയിൽ ഉണ്ട്.

(ബി) ഉണ്ട്.

ആയുർവേദാശുപത്രി.

365. [35] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളത്ത് ഒരു ആയുർവേദാശുപത്രി തുടങ്ങുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

ഉത്തരം.

താലൂക്കുതോറും ഓരോ ആശുപത്രിയും, പഞ്ചായത്തുതോറും ഓരോ ഡിസ്പെൻസറിയും സ്ഥാപിക്കുക എന്നുള്ളതാണ്, ഡവലപ്പുമെൻറ പദ്ധതിയനുസരിച്ച് അംഗീകരിച്ചിട്ടുള്ളത്. കുന്നംകുളം ഉൾപ്പെട്ട തലപ്പള്ളി താലൂക്കിൽ ഇപ്പോൾ ചെറുതുരുത്തിയിൽ ഒരു ആശുപത്രി നടന്നുവരുന്നുണ്ട്. അതുകൊണ്ട് കുന്നംകുളത്ത് ഒരു ആശുപത്രി ഉടനെ ആരംഭിക്കുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പൊതുക്കളിസ്ഥലം.

366. [36] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്ത് ഒരു പൊതു കളിസ്ഥലം അനുവദിച്ചുതരണമെന്നു കാണിച്ച് കുന്നംകുളം പൊതുജനങ്ങളിൽനിന്നും, മുനിസിപ്പാലിറ്റിയിൽനിന്നും ഒരു നിവേദനം ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഷോർട്ട് നോട്ടീസ് കവസ്റ്റ്യൻ.

സിറ്റി ബസ്സ് സർവ്വീസ്.

3. [3] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും ഏപ്രിൽ 1-ാംനു- മുതൽ ആരംഭിച്ചിരുന്ന കിഴക്കേക്കോട്ട—നരിമാമൂട് സിറ്റി ബസ്സ് സർവ്വീസ് നിറുത്തൽ ചെയ്യാൻ കാരണമെന്ത്; ഈ ലൈനിൽ ഓടുന്ന പ്രൈവറ് ബസ്സിലെ യാത്രക്കൂലി (നരിമാമൂട് നിന്നും തിരുവനന്തപുരത്തേയ്ക്ക്) എത്രയാണ്; ഇതു ഗവണ്മെൻറ് ട്രാൻസ്പോർട്ട ബസ്സിലെ നിരക്കിനെ അപേക്ഷിച്ച് കൂടുതലാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

സാങ്കേതികമായ ചില വിഷമതകൾ ഉണ്ടാകാനിടയുണ്ടെന്നു് ഗവണ്മെൻറിനു തോന്നിയതിനാലാണു് കിഴക്കേക്കോട്ട—നരിമാനുട് സിറ്റി ബസ്സു് സർവ്വീസു് വേണ്ടെന്നു തീരുമാനിച്ചതു്. ഈ ലൈനിൽ ഓടുന്ന പ്രൈവറ്റു ബസ്സിലെ യാത്രക്കൂലി നാലണയാണു്. ഇതു് ഗവണ്മെൻറു് ട്രാൻസ്പോർട്ടു ബസ്സിലെ നിരക്കിനെ അപേക്ഷിച്ചു് കൂടുതലല്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 21-4-1955.

കൃഷികൾക്കു് നഷ്ടപരിഹാരം.

367. [1] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെയ്യാർ ഡാം പണി പൂർത്തിയാകുമ്പോൾ റിസർവയർ ഏരിയായിൽപ്പെട്ട കൃഷിഭൂമിയും, പാർപ്പിടങ്ങളും നഷ്ടപ്പെടാനിടയുള്ള കൃഷിക്കാർ എത്രയാണു് ;

(ബി) ആകെ നഷ്ടപ്പെടാവുന്ന ഭൂമിയുടെ വിസ്തൃതി എത്രയാണു്;

(സി) കൃഷിക്കാർക്കു് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ചു് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ഡി) പകരം ഭൂമി നൽകുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) 375 കൃഷിക്കാർക്കു് ഭൂമിയും പാർപ്പിടങ്ങളും നഷ്ടപ്പെടുവാൻ ഇടയുണ്ടു്.

(ബി) 1097.29 ഏക്കർ.

(സി) നഷ്ടപ്പെടുന്ന ഭൂമി സർക്കാർ വക കാണിപ്പാട്ടം ഭൂമിയാണു്. അനധികൃതപ്രവേശനം മൂലവും കുത്തകപ്പാട്ടമായും കൈവശം വച്ചു് അനുഭവിച്ചുവരുന്ന സർക്കാർ ഭൂമിയായതുകൊണ്ടു് നഷ്ടപരിഹാരം കൊടുത്തു് ഒഴിപ്പിക്കാൻ ചട്ടമില്ല. ആവശ്യപ്പെടുമ്പോൾ വെറുതെ ഒഴിയേണ്ടതാണു്.

(ഡി) ഇതിനെപ്പറ്റി വേണ്ട അന്വേഷണം നടത്തിയതിൽ മറ്റു യാതൊരു സ്ഥലവുമില്ലാതെ ഭവനരഹിതരായി 31 കുടുംബക്കാർ വരുന്നതാണെന്നു് കാണുകയാൽ അവർക്കു് ദേവികുളം പീരുമേടു് കാളമൈസേഷൻ പദ്ധതിയിൽ ഭൂമി കൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടു്.

കുന്നംകുളം സബ് ട്രഷറി.

368. [2] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിനു് ഭൂഗർഭരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്നംകുളത്തു് ഒരു സബ് ട്രഷറി തുടങ്ങുവാൻ ഭയവുണ്ടാകുമോ?

ഉത്തരം.

ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly